"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഫാം ഇൻഫർമേഷൻ ബ്യൂറോ - വീഡിയോ പ്രൊഡക്ഷൻ വിഭാഗത്തിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്തു വരുന്ന വീഡിയോഗ്രാഫർ ശ്രീ വി.ജെ. ഷിജി-ന്റെ കരാർ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ഇ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.778/2023/AGRI  തീയതി,തിരുവനന്തപുരം, 05-08-2023

---

പരാമർശം:-
1. 26.02.2016-ലെ സഉ(അച്ചടി) നം. 28/2016/ധന. നമ്പർ ഉത്തരവ്
2. 28.04.2017-ലെ സഉ(അച്ചടി) നം. 56/2017/ധന. നമ്പർ ഉത്തരവ്
3. 29.07.2019-ലെ സഉ(അച്ചടി) നം. 81/2019/ധന. നമ്പർ ഉത്തരവ്
4. 02.12.2019-ലെ സ.ഉ.(സാധാ) നം.1169/2019/കൃഷി നമ്പർ ഉത്തരവ്
5. 11.02.2021 ലെ സ.ഉ.(അച്ചടി) നം.29/2021/ധന. നമ്പർ ഉത്തരവ്
6. 16-08-2022- ലെ സ.ഉ.(സാധാ) നം.745/2022/കൃഷി നമ്പർ ഉത്തരവ്
7. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 14.7.2023-ലെ ADFW /8094/2023- TV1 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ വീഡിയോ പ്രൊഡക്ഷൻ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന വീഡിയോഗ്രാഫർ ശ്രീ. വി.ജെ. ഷിജിന്റെ കരാർ നിയമനം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കുന്നതിന് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ച് കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (7) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോ വീഡിയോ പ്രൊഡക്ഷൻ വിഭാഗത്തിൽ 18.07.2023-ന് കരാർ കാലാവധി അവസാനിക്കുന്ന വീഡിയോഗ്രാഫർ ശ്രീ. വി.ജെ. ഷിജി-ന്റെ കരാർ കാലാവധി, ദിവസവേതന/കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ
കരുതൽ ഫയൽ / ഓഫീസ് കോപ്പി (AGRI-EB2/155/2022-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ